LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായി പ്രവർത്തിക്കുന്ന എല്ലാ ആശാവർക്കർമാർക്കും കോവിഡ് തുടങ്ങിയ സമയത്തുതന്നെ ആവശ്യമായ മുൻകരുതലുകൾ എടുക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകിയിരുന്നു. കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുമായി മുന്നോട്ടിറങ്ങുന്ന എല്ലാ ആശാവർക്കർമാർക്കും ആവശ്യമായ മാസ്കുകളും, സാനിറ്റൈസറുകളും, കയ്യുറകളും അതത് ആശുപത്രികളിൽനിന്ന് നൽകിവരുന്നുണ്ട്.

(ബി) ആശാവർക്കർമാരുടെ കഴിഞ്ഞ മൂന്ന് മാസത്തെ ഓണറേറിയം മുടങ്ങിയിട്ടുണ്ടോ?

ആശാവർക്കർമാർക്ക് ഏപ്രിൽ 2021 വരെയുള്ള ഓണറേറിയം വിതരണം ചെയ്തിട്ടുണ്ട്.

(സി) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുന്നണിപ്പോരാളികളായി പ്രവർത്തിക്കുന്ന ആശാവർക്കർമാർ അടക്കമുള്ളവർക്ക് ഓണറേറിയത്തിനുപുറമെ റിസ്ക് അലവൻസ് നൽകുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസം തോറും 1,000 രൂപ കോവിഡ് ഇൻസെന്റീവായി 2020 ഫെബ്രുവരി മുതൽ നൽകിവരുന്നുണ്ട്.

കോവിഡ് വാക്സിൻ ഫലപ്രാപ്തി പഠനം

219 (231) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കോവിഡ് വാക്സിനുകളാണ് സർക്കാർ ജനങ്ങൾക്ക് നൽകുന്നത്; ഓരോ വാക്സിനും എത്രത്തോളം ഫലപ്രദമാണെന്ന പഠനം സർക്കാർ തലത്തിൽ നടത്തിയിട്ടുണ്ടോ?

സംസ്ഥാനത്ത് നിലവിൽ കോവിഷീൽഡ്, കോവാക്സിൻ എന്നീ വാക്സിനുകളാണ് നൽകിവരുന്നത്. സർക്കാർ തലത്തിൽ നിലവിൽ പഠനങ്ങൾ നടത്തിയിട്ടില്ല. എന്നാൽ ഭാവിയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) സംസ്ഥാനത്ത് ഒന്നും രണ്ടും ഡോസ് വാക്സിനുകൾ സ്വീകരിച്ച വ്യക്തികൾ പാലിക്കേണ്ട മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

&

(സി) രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച വ്യക്തികൾക്ക് രോഗം വരാനുള്ള സാധ്യതയുണ്ടെന്നിരിക്കെ ഇവർക്ക് സംസ്ഥാന സർക്കാർ പ്രത്യേക ഇളവുകൾ നൽകുന്നതിന്റെ അടിസ്ഥാനമെന്തെന്ന് വ്യക്തമാക്കുമോ?

മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡ് വാക്സിൻ എടുത്തവർക്കും മറ്റു രോഗികളിൽനിന്നും കോവിഡ്-19 വരാനുള്ള സാധ്യതയുണ്ട്. അതിനാൽ കോവിഡ് വാക്സിൻ എടുത്തതിനുശേഷവും മാസ്കുകൾ ഉപയോഗിക്കുകയും സാമൂഹിക അകലം പാലിക്കുകയും ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതുമുണ്ട്. കോവിഡ് വാക്സിൻ സ്വീകരിച്ചവർക്ക് ഗുരുതരമായ രോഗ ബാധയുണ്ടാകാനുള്ള സാധ്യത കുറവാണ്. സർക്കാർ രണ്ട് ഡോസ് വാക്സിനേഷൻ എടുത്തവർക്കും കോവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിൽ ഇളവുകൾ നൽകിയിട്ടില്ല.

നെയ്യാറ്റിൻകര ആശുപത്രിക്ക് ലഭിച്ച മെഡിക്കൽ ഉപകരണങ്ങൾ

220 (232) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽനിന്നും ഏതൊക്കെ ഉപകരണങ്ങളാണ് നൽകിയതെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് കോവിഡുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിൽനിന്നും നൽകിയ ഉപകരണങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

Sl. No	Name of Item	Quantity
(1)	(2)	(3)
1	Syringe Pump	5
2	Suction Apparatus	5
3	Suction Apparatus	1
4	Oxygen Cylinder with stand and flow meter & Humidifier	10 + 3
5	Flow Meter	5
6	Trolly (Oxygen)	5
7	Oxygen Cylinder - B type	20
8	Laryngoscope	5
9	Fumigation Dispensor	1

LIBRARY ARCHIVES Kerala Legislative Assembly